**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5759 19.11.2019-ലെ മറുപടിക്ക്**

**പ്രളയാനന്തരം സംസ്ഥാനത്തെ അനാവശ്യ ചെലവുകളിലെ നിയന്ത്രണം**

**ചോദ്യം**

**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**

**ധനകാര്യവും കയറും വകുപ്പ്മന്ത്രി**

| | | |
|---|---|---|
| (എ) | പ്രളയാനന്തരം സംസ്ഥാനത്ത് അനാവശ്യ ചെലവുകൾക്ക് നിയന്ത്രണം കൊണ്ടു വന്നിരുന്നോ എന്ന് അറിയിക്കുമോ; എങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് കൊണ്ടു വന്നതെന്നും പ്രസ്തുത നിയന്ത്രണങ്ങൾ ഫലപ്രദമായിരുന്നോ എന്നും വ്യക്തമാക്കാമോ; | നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുക യെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിരുന്നത്. 2018-19 വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾ, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾ എന്നിവ ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിരുന്നു. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. തത്ഫലമായി സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | പ്രസ്തുത നിയന്ത്രണം നിലവിൽ വന്നശേഷം ക്യാബിനറ്റ് റാങ്കിലുള്ള എത്ര തസ്തികകളാണ് സംസ്ഥാനത്ത് സൃഷ്ടിച്ചത്; ഇതുമൂലം ഒരു വർഷമുണ്ടാകുന്ന അധികബാധ്യത എത്രയാണ് എന്നറിയിക്കാമോ? | നാലാം ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാനായി മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ എം.എൽ.എ —യെയും കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ചെയർമാനായി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെയും ഗവ. ചീഫ് വിപ്പായി ശ്രീ. കെ. രാജൻ എം.എൽ.എ —യെയും സംസ്ഥാന സർക്കാരിന്റെ ന്യൂഡൽഹിയിലെ പ്രത്യേക പ്രതിനിധിയായി ഡോ. എ. സമ്പത്തിനെയും ക്യാബിനറ്റ് പദവിയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ അഡ്വക്കേറ്റ് ജനറലായ ശ്രീ. സി. പി. സുധാകര പ്രസാദിന് പ്രസ്തുത പദവി വഹിക്കുന്ന കാലത്തേയ്ക്ക് ക്യാബിനറ്റ് പദവി അനുവദിച്ച് 24.10.2019 -ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമൂലം ഉണ്ടായേക്കാവുന്ന ആകെ വാർഷിക അധികബാദ്ധ്യത എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**